പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2472 — 19.12.2012-ലെ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജയിംസ് മാത്യു | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭക്ഷണ ശാലകൾ നടത്തുന്ന എത്ര വ്യാപാരികൾ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം ഇതിനകം ലൈസൻസ് എടുത്തിട്ടുണ്ട്; | എ) | 12 ലക്ഷത്തിൽ താഴെ വിറ്റു വരവുള്ള വ്യാപാരികൾ 100 രൂപ അടച്ച് രജിസ്ട്രേഷനും അതിനു മുകളിൽ വിറ്റു വരവുള്ള വ്യാപാരികൾ 2000 രൂപ മുതൽ 5000 രൂപ വരെ അടച്ച് ലൈസൻസുമാണ് എടുക്കേണ്ടത്. അപ്രകാരം 2012 നവംബർ മാസം വരെ 79145 നമ്പർ രജിസ്ട്രേഷനും 18152 നമ്പർ ലൈസൻസും എടുത്തിട്ടുണ്ട്. |
| ബി) | പ്രസ്തുത നിയമം നിലവിൽ വരുത്തുന്നതിനു മുൻപ് ഭക്ഷണ ശാലകൾ നടത്തി വന്നിരുന്നവർ എത്രയായിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്; അവരിൽ എത്ര ശതമാനം പേർ പുതിയ നിയമപ്രകാരം രജിസ്ട്രേഷൻ നടത്തികയുണ്ടായി; | ബി) | ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുന്നതിനു മുൻപ് മായം ചേർക്കൽ നിരോധന നിയമപ്രകാരം ലൈസൻസ് നൽകിയിരുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നായിരുന്നു. അതിനാൽ വ്യാപാരികളുടെ എണ്ണം കമ്മീഷണറേറ്റിൽ ലഭ്യമല്ല. ഇപ്രകാരം ഒരു കണക്ക് ലഭ്യമല്ലാത്തതിനാൽ എത്ര ശതമാനം പേർ പുതിയ നിയമ പ്രകാരം രജിസ്ട്രേഷൻ നടത്തി എന്ന് കൃത്യമായി പറയാൻ കഴിയില്ല. ഉദ്ദേശം 20% ത്തിൽ താഴെ മാത്രമേ പുതിയ ലൈസൻസ് എടുത്തിട്ടുള്ളു എന്നാണ് കരുതുന്നത്. |
| സി) | ലൈസൻസോ രജിസ്ട്രേഷനോ എടുക്കുന്നതിലുണ്ടായ കബളിപ്പിക്കലുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ലഭിച്ച പരാതികൾ എത്രയെന്നറിയിക്കാമോ? | സി) | ലൈസൻസോ രജിസ്ട്രേഷനോ എടുക്കുന്നതിലുണ്ടായ കബളിപ്പിക്കലുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

...ിച്ചു: